# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. 2481/23/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി:30/06/2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് ദേവസ്വങ്ങളിൽ എത്തുന്ന ഭക്തജനങ്ങളോട്, ജീവനക്കാരുടെ പെരുമാറ്റം - സംബന്ധിച്ച്

സൂചന:- ഈ ആഫീസിലെ 19/02/2022 ലെ ആർ.ഒ.സി.1860/22/വിജി നമ്പർ സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ആഫീസ്/ ദേവസ്വം എന്നിവിടങ്ങളിൽ എത്തുന്ന ജീവനക്കാരോടും, ഭക്തജനങ്ങളോടും മാന്യമായും സൂക്ഷ്മതയോടുംകൂടി പെരുമാറണമെന്ന് കർശന നിർദ്ദേശം നൽകി സൂചന സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ദേവസ്വത്തിൽ എത്തുന്ന ഭക്തജനങ്ങളോട് ധിക്കാരപൂർണ്ണമായ പെരുമാറ്റം ജീവനക്കാരിൽ നിന്നും ഉണ്ടാകുന്നതായി വിവരിച്ച് വീണ്ടും പരാതികൾ ലഭിച്ചു വരുന്നു.

ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഇത്തരത്തിലുള്ള പ്രവണത ഒരു കാരണവശാലും അംഗീകരിക്കത്തക്കതല്ല. ആകയാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ദേവസ്വങ്ങൾ/ആഫീസ് എന്നിങ്ങനെയുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർ, ഭക്തജനങ്ങൾ/അതിഥികൾ എന്നിവരോട് വളരെ മാന്യമായും, സൗഹാർദ്ദപരവും, സ്നേഹപൂർവ്വമായും പെരുമാറേണ്ടതാണ്,

പ്രസ്തുത നിർദ്ദേശത്തിൽ വീഴ്ച വരുത്തിയാൽ, കർശനമായ അച്ചടക്ക നടപടി ഉണ്ടാകുന്നതാണെന്ന വിവരവും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

Jyo.03/07

D.T. Division.